(ഇ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കോളനികൾ മത്സ്യത്തൊഴിലാളി കോളനി പുന:രുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ മണ്ഡലത്തിൽ 8 വീടുകൾക്കായി 16 ലക്ഷം രൂപയും, 9 വീട് നവീകരണത്തിന് 4.5 ലക്ഷം രൂപയും, 3 ടോയ്ലറ്റ് നിർമ്മാണത്തിനായി 52,500 രൂപയും നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത

80(5665) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മൊത്തം കടബാദ്ധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗത്തിന്റെ കടാശ്വാസത്തിനായി എത്ര രൂപ മുൻവർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മുഴുവൻ കടാശ്വാസത്തിന് എത്ര രൂപ കൂടി അനുവദിക്കേണ്ടതുണ്ട് എന്നേക്ക് ടി രൂപ മുഴുവൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കടാശ്വാസം ലഭിക്കേണ്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും കാലതാമസം കൂടാതെ ആയത് വിതരണം ചെയ്യുന്നതിന് അടിയന്തരമായി രൂപ അനുവദിച്ച നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ മൊത്തം കടബാദ്ധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) മുൻ വർഷങ്ങളിൽ കടാശ്വാസത്തിനായി ചുവടെ പറയും പ്രകാരം 168.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

1. മത്സ്യഫെഡ് - 31.61 കോടി രൂപ.
2. സഹകരണ ബാങ്ക്/സഹകരണ സംഘം തുടങ്ങിയവ-123.08 കോടി രൂപ.
3. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ-11.86 കോടി രൂപ.
4. സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ - 2.24 കോടി രൂപ.

ആകെ - 168.79 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മീഷൻ 30-6-2015 വരെ സിറ്റിംഗ് നടത്തി കടാശ്വാസത്തിനായി അർഹത കണ്ടെത്തിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1.20 കോടി രൂപയ്ക്ക് പുറമേ 20 കോടി രൂപ ആദ്യ ബാച്ച് SDG-യിൽ അനുവദിച്ചിട്ടുണ്ട്. 20 കോടി രൂപ ഈ വർഷം കടാശ്വാസത്തിനായി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നിവർക്ക് ആഡിറ്റിംഗിനായി നൽകിയിരിക്കുന്നതും ദേശസാൽകൃത ധനകാര്യ സ്ഥാപനങ്ങളുടെ രണ്ടാംഘട്ട അദാലത്ത് പ്രകാരമുള്ളതുമായ ലിസ്റ്റുകളിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിനായി ആദ്യ ബാച്ച് SDG-യിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആഡിറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ടി തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം

81(5666) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കടലിൽ വച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പത്ര മാധ്യമങ്ങളിലൂടെയും റേഡിയോ, ടെലിവിഷൻ, എന്നീ ദൃശ്യ ശ്രവ്യ മാർഗ്ഗങ്ങളിലൂടെയും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നു.

(ബി) കടലിൽവച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു :

LIBRARY ARCHIVES Kerala Legislative Assembly